بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ



اِنَّ فِيْ خَلْقِ السَّمٰوٰتِ وَالْاَرْضِ
وَاخْتِلَافِ الَّيْلِ وَالنَّهَارِ لَاٰيٰتٍ لِّاُولِي
الْاَلْبَابِ ﴿١٩١﴾
الَّذِيْنَ يَذْكُرُوْنَ اللّٰهَ قِيٰمًا وَّقُعُوْدًا وَّعَلٰى
جُنُوْبِهِمْ وَيَتَفَكَّرُوْنَ فِيْ خَلْقِ السَّمٰوٰتِ
وَالْاَرْضِ ۚ رَبَّنَا مَا خَلَقْتَ هٰذَا بَاطِلًا ۚ
سُبْحٰنَكَ فَقِنَا عَذَابَ النَّارِ ﴿١٩٢﴾

ഞാൻ പാരായണം ചെയ്ത ആയത്തുകളുടെ അർത്ഥം ഇപ്രകാരമാണ്.

ആകാശങ്ങളുടേയും ഭൂമിയുടെയും സൃഷ്ടിപ്പിലും രാവും പകലും മാറിമാറി വരുന്നതിലും ബുദ്ധിമാന്മാർക്ക് ദൃഷ്ടാന്തമുണ്ട്. അവർ അല്ലാഹുവിനെ നിന്നുകൊണ്ടും ഇരുന്നുകൊണ്ടു പാർശങ്ങളിൽ കിടന്നുകൊണ്ടും സ്മരിക്കുന്നവരാണ്. ആകാശ ഭൂമികളുടെ സൃഷ്ടിപ്പിനെക്കുറിച്ച് അവർ ചിന്തിച്ചുകൊണ്ടിക്കുകയും ചെയ്യുന്നു. അവർ ഇപ്രകാരം പറയും. അല്ലാഹുവേ! നീ ഇതിനെ വ്യർത്ഥമായിട്ടല്ലാ സൃഷ്ടിച്ചിരിക്കുന്നത്. നീ പരിശുദ്ധനാണ്. ഞങ്ങളെ അഗ്നിയുടെ ശിക്ഷയിൽ നിന്നും നീ രക്ഷിക്കേണമേ. (3:191,192)

എല്ലാവിധ സൃഷ്ടിപ്പും അല്ലാഹുവിൽനിന്നുള്ളതാണെന്നാണ് ഈ സൂക്തങ്ങളിലൂടെ അല്ലാഹു മനുഷ്യരെ ഉണർത്തുന്നത്. ആകാശഭൂമികളുടെ സൃഷ്ടിപ്പും ഇതിൽ ഉൾപ്പെടുന്നതാണ്. മനുഷ്യനും ഈ സൃഷ്ടിപ്പിന്റെ ഒരു ഭാഗമാണ്. മനുഷ്യന്റെ ഉന്നമനത്തിനായും പ്രവർത്തനങ്ങൾക്കായും അവന്റെ സുഖസൗകര്യങ്ങൾക്കായും അല്ലാഹു രാവും പകലും ഉണ്ടാക്കി. മറ്റൊരു സ്ഥലത്ത് അല്ലാഹു ചോദിക്കുന്നു; പകൽ മാത്രമാകുകയും രാത്രി ഇല്ലാതായിത്തീരുകയും ചെയ്തെങ്കിൽ നിങ്ങളുടെ അവസ്ഥ എന്തായിരിക്കും. അതേപോലെ പകൽ ഇല്ലാതെ രാത്രിമാത്രമായിരുന്നെങ്കിലും അപ്പോഴും മനുഷ്യന്റെ അവസ്ഥ പരിതാപകരംതന്നെ. പാശ്ചാത്യ നാടുകളിൽ ശൈത്യകാലത്ത് പകൽ കുറവും രാത്രി കൂടുതലുമാകുമ്പോൾ പൊതുവിൽ ഡിപ്രഷന്റെ രോഗികൾ വർദ്ധിക്കുന്നതായി കാണാം. രാവും പകലും ഉണ്ടാക്കിയിരിക്കുന്നു എന്നതും അല്ലാഹുവിന്റെ അതിമഹത്തായ അനുഗ്രഹം തന്നെയാണ്. ഈ രാപ്പകലിൽ അൽപം വ്യതിയാനം വരുമ്പോൾ ഈ കാലാവസ്ഥ ശീലമുള്ളവരായ ഈ നാട്ടുകാരിൽകൂടി, പകൽ കുറയുകയും പ്രകാശം കുറഞ്ഞ തോതിൽ ലഭിക്കുകയും ചെയ്യുന്ന നാളുകളിൽ ഡിപ്രഷന്റെ രോഗികൾ വർദ്ധിക്കുന്നതായി കണ്ടുവരുന്നു.

രാവും പകലും കാലാവസ്ഥ അനുസരിച്ച് മാറിക്കൊണ്ടിരിക്കുന്നു. ചില സന്ദർഭങ്ങളിൽ രാത്രി ദൈർഘ്യമുള്ളതും പകൽ കുറഞ്ഞുമിരിക്കും. എന്നാൽ മറ്റു ചില ദിനങ്ങളിൽ പകൽ ദൈർഘ്യമുള്ളതും രാത്രി ചെറുതുമായിരിക്കും. ചിലപ്പോൾ രണ്ടും തുല്യമായി വരികയും ചെയ്യും. ഇങ്ങനെ വ്യത്യസ്ത കാലാവസ്ഥ അല്ലാഹു ഉണ്ടാക്കിയിരിക്കുന്നത്, അല്ലാഹു നൽകിയിരിക്കുന്ന ഈ അനുഗ്രഹങ്ങളെ ഓർത്ത് മനുഷ്യൻ നന്ദിയുള്ളവനായിത്തീരുന്നതിനുവേണ്ടിയാണ്. അതോടൊപ്പം മനുഷ്യൻ ഡിപ്രഷനിൽ അകപ്പെടാതിരിക്കുന്നതിനും വേണ്ടിയാണ്.

പ്രകാശം കുറഞ്ഞ നാളുകൾ വളരെ കുറവും പ്രകാശം കൂടിയ നാളുകൾ കൂടുതലുമായിരിക്കും ഇതും അല്ലാഹുവിന്റെ അനുഗ്രഹമാണ്. മനുഷ്യപ്രകൃതിക്കനുഗുണമായ രീതിയിൽ കാലാവസ്ഥ ഉണ്ടാക്കിയിരിക്കുന്നു എന്നോർത്ത് അല്ലാഹുവിന്റെ കൃതജ്ഞതയുള്ള ദാസനായിത്തീരുന്നവനാണ് ബുദ്ധിമാൻ. പ്രകാശമുള്ള പകലുകളിൽ നിന്നും മനുഷ്യൻ പാഠം ഉൾക്കൊള്ളണമെന്നും അല്ലാഹു ഇവിടെ പ്രതിപാദിക്കുന്നു. തന്റെ വരിഷ്ഠദാസർ മുഖേന അല്ലാഹു ഇറക്കുന്ന ആത്മീയ പ്രകാശത്തിൽനിന്നും മനുഷ്യൻ ഫലമെടുക്കേണ്ടതാണ്. ഈ പ്രകാശം ആരുമുഖേനയാണോ അയച്ചത് അദ്ദേഹത്തെ സ്വീകരിക്കുകയും അദ്ദേഹത്തിന്റെ സത്യത്തെ അന്വേഷിക്കുകയും ചെയ്യേണ്ടതാണ്. അദ്ദേഹത്തെ നിഷേധിക്കാൻ മുതിരുകയല്ല ചെയ്യേണ്ടത്.

ഇതെല്ലാംതന്നെ മനുഷ്യനെ അല്ലാഹുവിലേക്ക് തിരിക്കുകയും അവന്റെ ആരാധനയിലേക്ക് ശ്രദ്ധതിരിക്കുകയും ചെയ്യുന്നതാണ്. അതോടൊപ്പം മനുഷ്യനെ കൃതജ്ഞനും നന്ദിയുള്ളവനുമാക്കി മാറ്റുകയും ചെയ്യുന്നു.

തിരുനബി (സ.അ)ന്റെ രണ്ടാം ആഗമനത്തെ മനസ്സിലാക്കിക്കൊണ്ട് ഇക്കാലത്ത് നമ്മുടെ ആത്മീയ ഉന്നമനത്തിനായി അല്ലാഹു അയച്ച പ്രകാശത്തെ ഉൾക്കൊള്ളാൻ സാധിച്ച നാം അനുഗ്രഹീതരാണ്. എന്നാൽ ഇതിൽനിന്നും ഫലമെടുക്കണമെങ്കിൽ ഇതംഗീകരിച്ചാൽ മാത്രം പോരാ മറിച്ച് അല്ലാഹുവിനെ കൂടുതലായി സ്മരിക്കുകയും വേണം. അല്ലാഹു പറയുന്നു.

الَّذِيْنَ يَذْكُرُوْنَ اللّٰهَ قِيٰمًا وَّقُعُوْدًا وَّعَلٰى جُنُوْبِهِمْ

അവർ ഇരുന്നുകൊണ്ടും നിന്നുകൊണ്ടും പാർശ്വങ്ങളിൽ ചെരിഞ്ഞുകൊണ്ടും അല്ലാഹുവിനെ സ്മരിക്കുന്നവരാണ്.

وَيَتَفَكَّرُوْنَ فِيْ خَلْقِ السَّمٰوٰتِ وَالْاَرْضِ ۚ

ആകാശങ്ങളുടേയും ഭൂമിയുടേയും സൃഷ്ടിപ്പിൽ അവർ ചിന്തിക്കുന്നു അല്ലാഹു ഇവ എങ്ങനെയാണ് സൃഷ്ടിച്ചത്?

رَبَّنَا مَا خَلَقْتَ هٰذَا بَاطِلًا ۚ سُبْحٰنَكَ فَقِنَا عَذَابَ النَّارِ ﴿١٩٢﴾

അല്ലാഹുവേ, ഈ കാര്യങ്ങളെല്ലാംതന്നെ നീ വ്യർത്ഥമായിട്ടല്ല സൃഷ്ടിച്ചിരിക്കുന്നത്. ഓരോ സൃഷ്ടിപ്പിന്റെ പിന്നിലും ഒരുദ്ദേശമുണ്ട്. ഇന്ന് ഭൂമിയിലുള്ള എല്ലാ സൃഷ്ടിയിലും അവ വിഷമുള്ള ജീവികളാണെങ്കിൽകൂടി ഒരു പ്രത്യേക ലക്ഷ്യമുണ്ട്. അതുകൊണ്ട് അല്ലാഹുവേ നീ പരിശുദ്ധനാണ് നീ അയച്ചവനെ നിഷേധിച്ചുകൊണ്ട് അഗ്നിയുടെ ശിക്ഷയിൽ അകപ്പെടുന്നവരായി ഞങ്ങൾ മാറരുതേ

അല്ലാഹു അയച്ച വ്യക്തിയെ അംഗീകരിച്ചതിനുശേഷം നമ്മുടെ ഉത്തരവാദിത്വങ്ങൾ വർദ്ധിക്കുകയാണ് ചെയ്യുന്നത്. അല്ലാഹുവിന്റെ ദിക്റിലേക്ക് നമ്മുടെ ശ്രദ്ധ തിരിയണം. അതോടൊപ്പം അല്ലാഹുവിന്റെ ഓരോ സൃഷ്ടിപ്പിനെക്കുറിച്ചും ചിന്തിക്കുമ്പോഴും അല്ലാഹുവിനെ പ്രത്യേകമായി നന്ദി രേഖപ്പെടുത്തുന്നവരായി നാം മാറണം. ദൈവസ്മരണ നിലനിർത്തുന്നവരായി നാം മാറണം. ദൈവസ്മരണയുണ്ടാകുമ്പോൾ ആരാധനയിലേക്ക് ശ്രദ്ധയുണ്ടാകുകയും അതു മുഖേന ദൈവകല്പന പാലിക്കുന്നതിലേക്ക് ശ്രദ്ധതിരിയുകയും ചെയ്യും. ഈ ഒരു വൃത്തത്തിൽ വന്നുകഴിഞ്ഞാൽ മനുഷ്യൻ എപ്പോഴും നന്മയിലും കൃതജ്ഞതയിലും നിമഗ്നനായിത്തീരുന്നതാണ്. നന്മ ചെയ്യാനുള്ള തൗഫീക്ക് അവന് ലഭിക്കുന്നതാണ്. ആകാശഭൂമികളിലുള്ള ദൈവ സൃഷ്ടിപ്പിനെക്കുറിച്ച് അവൻ ചിന്തിക്കുമ്പോൾ അവന് അല്ലാഹുവിൽ ദൃഢവിശ്വാസം ഉണ്ടകുകയും ചെയ്യുന്നു. അല്ലാഹുവിനെ അറിയാൻ ആഗ്രഹിക്കുന്നവർക്ക് ഇതെല്ലാം സാധ്യമാകുന്നതാണ്.

ഇവിടെ ഈ പ്രദേശത്ത് ഉയർന്ന പർവ്വതങ്ങളും താഴ്ന്ന താഴ്വരകളും വെള്ളച്ചാട്ടങ്ങളും അരുവികളും തോടുകളും തടാകങ്ങളും അതുപോലുള്ള മറ്റു പ്രകൃതിദൃശ്യങ്ങളും നാം കാണുന്നു. ഇവയെല്ലാംതന്നെ അല്ലാഹുവിന്റെ അസ്തിത്വത്തെയാണ് പ്രകടമാക്കുന്നത്. ഇതെല്ലാംതന്നെ നമ്മുടെ ഗുണത്തിനായാണ് അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത്. ഈ മഹാപ്രപഞ്ചത്തെക്കുറിച്ച് പഠിക്കുമ്പോൾ, അതിന്റെ ചിത്രം നാം കാണുകയാണെങ്കിൽ എത്രയോ നക്ഷത്രങ്ങൾക്കിടയിൽ അത്ര പ്രാധാന്യമില്ലാത്ത നിസ്സാരമായ ഒരു ചെറു ബിന്ദുവായി നമുക്ക് ഈ ഭൂമിയെ കാണാം. ഇവിടെയെവിടെയെങ്കിലും ഭൂമിയുണ്ടാകും എന്നാണ് പ്രപഞ്ചത്തിന്റെ മൊത്തത്തിലുള്ള ചിത്രത്തിൽ ചിലർ രേഖപ്പെടുത്താറുള്ളത്. അതായത് പ്രപഞ്ചത്തിൽ ഭൂമിയുടെ സ്ഥാനം അത്രമാത്രമേയുള്ളൂ. എന്നാൽ ഈ ഭൂമിയിൽതന്നെയുള്ള വസ്തുക്കളെക്കുറിച്ച് മനുഷ്യൻ നോക്കുമ്പോൾ അവനതിൽ എപ്പോഴും പുതുമകൾ ദർശിക്കാൻ സാധിക്കുന്നു. ഏതെങ്കിലും വഴിയിലൂടെ നാം നടക്കുമ്പോൾ, വനാന്തരങ്ങളിലൂടെ നാം സഞ്ചരിക്കുമ്പോൾ, പുഴയുടെ തീരത്ത് നാം നിൽക്കുമ്പോൾ, മറ്റു പ്രദേശങ്ങളിൽ നാം ചുറ്റിക്കറങ്ങുമ്പോൾ അവിടെങ്ങളിലെല്ലാം അല്ലാഹുവിന്റെ നവംനവങ്ങളായ ഖുദ്റത്തുകൾ നമുക്ക് ദർശിക്കാൻ സാധിക്കുന്നു. അവിടങ്ങളിലെല്ലാം അല്ലാഹുവിന്റെ ശക്തിപ്രഭാവം പുതിയരൂപത്തിൽ പ്രകടമാകുന്നതായി കാണാൻ സാധിക്കുന്നതാണ്. ഇതെല്ലാം കാണുമ്പോൾ അല്ലാഹുവിന്റെ ദിവ്യത്വത്തിൽ പെട്ടെന്ന് ദൃഢവിശ്വാസം ഊട്ടിയുറക്കുന്നു. ഇക്കാലത്തെ ഇമാമിനെ വിശ്വസിച്ചതുകാരണം ഇങ്ങനെയുള്ള കാര്യങ്ങളിൽ നമ്മുടെ ശ്രദ്ധ തിരിയുന്നു എന്നതും അഹ്മദികളുടെ പ്രത്യേകതയാണ്. അല്ലാഹുവിന്റെ സൃഷ്ടിവൈഭവത്തിൽ നമുക്ക് പ്രത്യേക ശ്രദ്ധ ഉണ്ടായിത്തീരുകയും ചെയ്യുന്നു.

എന്നാൽ ഇതിനു വിരുദ്ധമായി മഹാകവി അല്ലാമാ ഇഖ്ബാൽ ദൈവത്തെ കാണാതെ അവനോട് ഒരു പരാതി തന്റെ ശിക്വ എന്ന കവിതയിലൂടെ സമർപ്പിക്കുന്നു. എനിക്ക് എവിടെയും ദൈവത്തെ ദർശിക്കാൻ സാധിക്കുന്നില്ല, അതുകൊണ്ട് ക്ഷീണിതരായ ഞങ്ങൾക്കായി പ്രകടമാകേണമേ എന്നാണ് അദ്ദേഹം പറയുന്നത്. ഒരു മുസ്ലിമായിരുന്നിട്ടുകൂടി, വലിയ അറിവുള്ളവനായിരുന്നിട്ടുകൂടി അദ്ദേഹത്തിന് ദൈവത്തിനെക്കുറിച്ചുള്ള ജ്ഞാനം ലഭിച്ചില്ല. എന്നാൽ അദ്ദേഹത്തിന്റെ ഈ പദ്യത്തിന് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ മടിത്തട്ടിൽ ശിക്ഷണം ലഭിച്ച് വളർന്ന വാഗ്ദത്ത മസീഹി(അ)ന്റെ പ്രിയ പുത്രി, അഹ്മദിയ്യാ വനിത ഒരു മറുപടി എഴുതുകയുണ്ടായി. അവർ എഴുതുന്നു എന്നെ നീ പർവ്വതശിഖിരങ്ങളിൽ നോക്കുക. താഴ്വരകളുടെ അടിത്തട്ടിലും എന്നെ നോക്കുക. ഓരോ സൃഷ്ടിപ്പിലും എന്നെ നിനക്ക് ആലങ്കാരികമായി കാണാവുന്നതാണ്. എന്നെ കാണാൻ പറ്റുന്നില്ലെങ്കിൽ അത് നിന്റെ ദൃഷ്ടിക്കുള്ള കുഴപ്പമാണ്. ഇതാണ് അഹ്മദിയെ വ്യതിരിക്തമാക്കുന്നത്. ഓരോ സൃഷ്ടിപ്പ് കാണുമ്പോഴും അവർക്ക് അല്ലാഹുവിനെയാണ് ഓർമ്മ വരുന്നത് അത് മുഖേന അവന്റെ വിശ്വാസം വർദ്ധിക്കുകയും ചെയ്യുന്നു. ആകാശങ്ങളുടെയും ഭൂമിയുടേയും സൃഷ്ടിപ്പ് എന്ന് പറഞ്ഞുകൊണ്ടു അല്ലാഹു മറ്റു ഗ്രഹങ്ങളുടേയും സൃഷ്ടിപ്പിലേക്ക് നമ്മുടെ ശ്രദ്ധ തിരിക്കുന്നു. ആ ഗ്രഹങ്ങളെക്കുറിച്ച് നമുക്ക് വളരെ ദൂരെ നിന്നുള്ള കാഴ്ചയേയുള്ളൂ. കൂടുതലൊന്നും നമുക്കറിയില്ല. ശാസ്ത്രജ്ഞൻമാർ ചില അറിവുകൾ നമുക്ക് നൽകിയിട്ടുണ്ട്. അവരുടെ ചില ഊഹങ്ങളും ചില നിരീക്ഷണങ്ങളും വെച്ചുകൊണ്ടുള്ള ചില വിവരങ്ങൾ നമുക്ക് ലഭിച്ചിട്ടുണ്ട്. എന്നാൽ അതിനെക്കുറിച്ച് ആഴത്തിലുള്ള അറിവ് ഇതുവരെ നമുക്ക് ലഭിച്ചിട്ടില്ല. എന്നാൽ നാം താമസിക്കുന്ന ഈ ഭൂമി തന്നെ വൈവിധ്യങ്ങളുടെ നിറകുടമാണ്. ഇതെല്ലാംതന്നെ അല്ലാഹുവിന്റെ മഹത്വങ്ങളാണ് പ്രകടമാക്കുന്നത്.

ഇതിലും വിസ്മയകരമായ മറ്റൊരു കാര്യം ഈ ആയത്തുകൾ ഇറങ്ങുന്നത് 1400 വർഷങ്ങൾക്ക് മുമ്പ് ശാസ്ത്രത്തെക്കുറിച്ച് ഒരറിവും ഇല്ലാത്ത മരുഭൂമിയിലാണ്. അതും ഭൗതികജ്ഞാനമില്ലാത്ത ഒരു മനുഷ്യനിൽ. എന്നാൽ അല്ലാഹു ആ മഹാത്മാവിന് ഒരു പരിപൂർണ്ണ ഗ്രന്ഥം നൽകുകയും, അദ്ദേഹത്തിനെ പരിപൂർണ്ണ മനുഷ്യനാക്കുകയും, എല്ലാവിധ അറിവുകളും അദ്ദേഹത്തിന് നൽകുകയും ചെയ്തു. ഇതും വിശുദ്ധ ഖുർആന്റെയും തിരുനബി(സ.അ)ന്റേയും സത്യതക്കുള്ള മഹത്തായ സാക്ഷ്യങ്ങളാണ്. ശാസ്ത്രം തീരെ പുരോഗമിക്കാത്ത അക്കാലത്ത് പ്രപഞ്ചത്തിന്റെ അതിനിഗൂഢമായ രഹസ്യങ്ങൾ ഈ ഗ്രന്ഥത്തിൽ അനാവരണം ചെയ്തു എന്നതുതന്നെ ദൈവാസ്തിത്വത്തിനുള്ള മഹത്തായ തെളിവാകുന്നു. തിരുനബി (സ.അ) ന്റെ സത്യതക്കുള്ള ഒരു തെളിവുകൂടിയാണിത്. ഇതെല്ലാം ചിന്തിക്കുന്ന ഒരു വ്യക്തി അറിയാതെ പറഞ്ഞുപോകും

رَبَّنَا مَا خَلَقْتَ هٰذَا بَاطِلًا ۚ

റബ്ബേ നീ ഇതെല്ലാം വ്യർത്ഥമായിട്ടല്ല സൃഷ്ടിച്ചിരിക്കുന്നത്. ഇത് തെറ്റാണെന്ന് മനസ്സിലാക്കുന്നവരുടെ കൂടെ നീ ഞങ്ങളെ ഉൾപ്പെടുത്തരുതേ. നിന്നെ ആരാധിക്കാത്തവരിൽ ഞങ്ങളെ ഉൾപ്പെടുത്തരുതേ. നിന്റെ ശിക്ഷക്ക് പാത്രമാകുന്നവരിലും ഞങ്ങളെ ഉൾപ്പെടുത്തരുതേ.

ശാസ്ത്രത്തെക്കുറിച്ചും പ്രപഞ്ച സൃഷ്ടിപ്പിനെക്കുറിച്ചും നാം പഠിക്കുമ്പോൾ അല്ലാഹുവിലുള്ള വിശ്വാസം നമുക്ക് പതിൻമടങ്ങ് വർദ്ധിക്കുകയാണ് ചെയ്യുന്നത്. അല്ലാഹുവിന്റെ ഓരോ സൃഷ്ടിപ്പും അവന്റെ അസ്ഥിത്വത്തെ തെളിയിക്കുന്നതാണെന്ന ചിന്ത ഓരോ അഹ്മദിക്കും ഉണ്ടായിരിക്കേണ്ടതാണ്. ദൈവം ഇല്ല എന്ന് പറയുന്നവർ ഈ സൃഷ്ടിപ്പിനെക്കുറിച്ച് ചിന്തിക്കുകയാണെങ്കിൽ ഭൂമിയിലുള്ള ഓരോ വസ്തുവും തന്നെ അല്ലാഹുവിന്റെ അസ്ഥിത്വത്തിലേക്ക് വെളിച്ചം വീശുന്നതാണെന്ന് അവർക്ക് മനസ്സിലാകുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു. ബുദ്ധിമാന്മാരെക്കുറിച്ച് അല്ലാഹു പറയുന്നത് "ഉലുൽ അൽബാബ് "എന്നാണ്. അതിനുശേഷം പറഞ്ഞിരിക്കുന്നത്

الَّذِينَ يَذْكُرُونَ اللَّهَ قِيَامًا وَّقُعُودًا وَّعَلَىٰ جُنُوبِهِمْ എന്നതാണ്.

ഇവിടെ അല്ലാഹു പറയുന്നത്. ശരിക്കും ബുദ്ധിയും വിവേകവുമുള്ളവർ അവരുടെ അനക്കമടക്കങ്ങളിലെല്ലാം അല്ലാഹുവിനെ സ്മരിക്കുന്നവരായിരിക്കും എന്നാണ്. ബുദ്ധിയും വിവേകവും വെറുതേ ലഭിക്കുമെന്ന് കരുതരുത്. യഥാർത്ഥ ഉൾക്കാഴ്ചയും യഥാർത്ഥ അറിവും അല്ലാഹുവിലേക്ക് തിരിയാതെ ലഭിക്കുന്നതല്ല. (അല്ലാഹുവിലേക്ക് തിരിയുകയും അവനോട് സഹായം തേടുകയും അവന്റെ സൃഷ്ടിപ്പിൽ ചിന്തിക്കുകയും ചെയ്യുന്നവർക്കാണ് യഥാർത്ഥ ബുദ്ധിയും വിവേകവും ലഭിക്കുന്നത്) അതുകൊണ്ടാണ് വിശ്വാസിയുടെ ഉൾക്കാഴ്ചയെതൊട്ട് ഭയപ്പെടുവാൻ പറയുന്നത്. കാരണം അവൻ ദൈവത്തിന്റെ ദൃഷ്ടികൊണ്ടാണ് നോക്കുന്നത്. ഇതെല്ലാം ലഭിക്കണമെന്നുണ്ടെങ്കിൽ തഖ്‌വ സ്വായത്തമാക്കേണ്ടത് അനിവാര്യമാണ്. നിങ്ങൾക്ക് വിജയിക്കണമെന്നുണ്ടെങ്കിൽ ബുദ്ധി പ്രയോഗിക്കുക, ചിന്തിക്കുക, ആലോചിക്കുക. ചിന്തിക്കുവാനും ബുദ്ധി പ്രയോഗിക്കുവാനും വിശുദ്ധഖുർആനിൽ വിവിധ സ്ഥലങ്ങളിൽ പ്രതിപാദിക്കുന്നുണ്ട്. അതുകൊണ്ട് കിതാബെ മക്നൂനായ വിശുദ്ധ ഖുർആനിൽ ചിന്തിക്കുക. നിങ്ങളുടെ ഹൃദയം പരിശുദ്ധമാക്കുകയും, നിങ്ങൾ ബുദ്ധി പ്രയോഗിക്കുകയും, തഖ്‌വ സ്വായത്തമാക്കുകയും ചെയ്യുകയാണെങ്കിൽ നിങ്ങളുടെ ഹൃദയാന്തരങ്ങളിൽ നിന്ന് رَبَّنَا مَا خَلَقْتَ هٰذَا بَاطِلًا എന്ന ദുആ പുറപ്പെടുന്നതാണ് ( അല്ലാഹുവെ നിന്റെ പ്രീതിയുടെ മാർഗത്തിൽ നീ ഞങ്ങളെ വഴിനടത്തേണമേ. ഞങ്ങളുടെ തെറ്റുകുറ്റങ്ങൾ ഞങ്ങൾക്ക് നീ പൊറുത്ത് തരികയും ചെയ്യേണമേ. അങ്ങിനെ അഗ്നിയുടെ ശിക്ഷയിൽനിന്ന് നീ ഞങ്ങളെ രക്ഷിക്കേണമേ). ഈ സൃഷ്ടിപ്പൊന്നും വ്യർത്ഥമല്ലെന്നും ഇതെല്ലാം യഥാർത്ഥ സൃഷ്ടാവിന്റെ അസ്തിത്വത്തിലേക്ക് പ്രകാശം വീശുന്നതാണെന്നും മനസ്സിലാകുന്നതാണ്. ഇതുമുഖേന ദീനിന് സഹായകരമായിത്തീരുന്ന അറിവുകളും ജ്ഞാനങ്ങളും അപ്പോൾ വെളിപ്പെടുന്നതാണ്. ഈ വിഷയവും ദീനിനെ സഹായിക്കുന്നതിനുള്ളതാണ്. സയൻസ് എത്രതന്നെ പുരോഗമിച്ചാലും ഈ പുരോഗമനത്തെക്കുറിച്ചെല്ലാം വിശുദ്ധ ഖുർആൻ നേരത്തെ പ്രതിപാദിച്ചിട്ടുള്ളതാണ്. മനുഷ്യൻ വിജയം കൈവരിക്കുന്നതാണ്. എന്നാൽ ഈ വിജയെ അല്ലാഹുവിന്റെ സഹായമില്ലാതെ കൈവരിക്കാൻ സാധ്യമല്ല. (ശാസ്ത്രജ്ഞൻമാർ ഗവേഷണം നടത്തുമ്പോൾ അവർക്കും ഇൽഹാമ് ലഭിക്കുന്നതുപോലെയുള്ള അവസ്ഥ സംജാതമാകാറുണ്ടെന്ന് പറയപ്പെടുന്നു. അവർ അല്ലാഹുവിനോട് സഹായം ചോദിക്കുന്നില്ലെങ്കിലും അവരുടെ പ്രവർത്തനഫലമായി പുതിയ മാർഗ്ഗങ്ങൾ തുറന്നുകൊടുക്കുന്നു.

അല്ലാഹു നമുക്ക് അവന്റെ യഥാർത്ഥ ദാസരായിത്തീരാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. അല്ലാഹുവിന്റെ സൃഷ്ടിപ്പിൽ ചിന്തിച്ചുകൊണ്ട് അവനിൽ ദൃഢവിശ്വാസം വർദ്ധിക്കുന്നവരായി നാം മാറട്ടെ.

**വിവർത്തനം**
എം. നാസിർ അഹ്മദ്, കൊടിയത്തൂർ
മുബല്ലിഗ് - എറണാകുളം
**PHONE : 94461 51197**

**KHUTHBA:**

**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 10- 04 - 2009**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kozhikode
Published by : **Majlis Khuddamul Ahmadiyya, Kerala**